(സി) ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത് ;

(ഡി) നോൺ പ്രാക്ടീസ് അലവൻസ് വേണ്ടെന്നുവച്ച് സ്വകാര്യ പ്രാക്ടീസിന് തയ്യാറാകുന്ന ഗവൺമെന്റ് ഡോക്ടർമാർക്ക് അതിന് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ അടിക്കടി സമരം ഉണ്ടായിട്ടില്ല.

(ബി&സി) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചതുമൂലം മെഡിക്കൽ കോളേജ് ആശുപത്രികളിൽ തിരക്കു വർദ്ധിച്ചതായോ രോഗികൾക്ക് ബുദ്ധിമുട്ടുകൾ നേരിട്ടതായോ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. കൂടാതെ തിരക്കുനിയന്ത്രിക്കാൻ ലോക്കൽ ഒ.പി. സമ്പ്രദായം നടപ്പിൽ വരുത്തുകയും ഒ.പി. സമയങ്ങൾ ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

വയോമിത്രം പദ്ധതി

8 (*68) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോധികരുടെ ആരോഗ്യ സുരക്ഷയ്ക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള 'വയോമിത്രം' പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിനായി സാമൂഹ്യക്ഷേമവകുപ്പ് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുന്നത് ;

(സി) വയോധികരുടെ ചികിത്സാ ചെലവ് പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുമോ ;

(ഡി) സാമ്പത്തികക്ലേശം അനുഭവിക്കുന്നവരുടെ ആരോഗ്യ സുരക്ഷാ കാര്യത്തിൽ ഈ സർക്കാർ ഇതിനകം നടപ്പാക്കിയ ക്ഷേമപദ്ധതികൾ ഏതെല്ലാമാണ് ;

(ഇ) 'വയോമിത്രം' പദ്ധതിക്ക് തദ്ദേശ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) വയോധികരുടെ ആരോഗ്യ സുരക്ഷയ്ക്കായി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന "വയോമിത്രം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസ്സൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ പദ്ധതിക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കും.

ഒന്നാമത്തെ ഘടകം : 5 കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും ഓരോ ഹെൽപ്പ് ഡസ്ക്ക് സ്ഥാപിക്കുന്നതായിരിക്കും. ഇതിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനും മുതിർന്ന പൗരന്മാർക്കും ശയ്യാവലംബർക്കും ചികിത്സാ സൗകര്യം ലഭ്യമാമുന്ന എല്ലാവിധ വിവരങ്ങളും പോലീസിന്റെ സഹായം പാലിയേറ്റീവ് കെയറിന് (സാന്ത്വന ചികിത്സ) രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം മുതലായവ ക്രമീകരിക്കുന്നതാണ്.

രണ്ടാമത്തെ ഘടകം : ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെ ഇത്തരം രോഗികളുടെ വീടുകളിലെത്തിച്ച് പാലിയേറ്റീവ് കെയർ നൽകുന്നതിനും ആവശ്യമുള്ളപക്ഷം രോഗികളെ സൗജന്യമായി ആശുപത്രിയിൽ എത്തിച്ച് ചികിത്സാ സഹായം നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതായിരിക്കും.

മൂന്നാമത്തെ ഘടകം : കോർപ്പറേഷനുകളുടെയും മുൻസിപ്പാലിറ്റി കളുടെയും നേതൃത്വത്തിൽ മൊബൈൽ ക്ലീനിക് റസിഡൻഷ്യൽ മേഖലകളിൽ സ്ഥാപിച്ച് നിശ്ചിതകാലയളവിൽ മെഡിക്കൽപരിശോധനയും First Aid facility-യും നൽകുന്നതുമായിരിക്കും. ടി പദ്ധതിയുടെ നിബന്ധനകൾ ഇവയാണ് :-

- ഈ പദ്ധതി 65 വയസ്സിനുമുകളിലുള്ള മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ളതാണ്.
- എല്ലാ മുതിർന്ന പൗരന്മാർക്കും വരുമാനപരിധി നോക്കാതെ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതായിരിക്കും.
- ഈ പദ്ധതി 5 കോർപ്പറേഷനുകളിലും തെരഞ്ഞെടുത്ത മുനിസി പ്പാലിറ്റികളുടെയും പരിധിക്കുള്ളിൽ ലഭ്യമാണ്.

(ബി) 5 കോർപ്പറേഷനുകളിലേക്കും മുൻസിപ്പാലിറ്റികളിലേക്കും വേണ്ടുന്ന വാഹനങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ വായകയ്ക്ക് എടുത്തുനൽകുന്നതായിരിക്കും. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഹെൽപ്പ് ഡസ്ക്കുകളും ഇതിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനും സ്ഥാപിക്കുന്നതായിരിക്കും.

(സി) വയോജനങ്ങളുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 18 വയസ്സിനുതാഴെ പ്രായമുള്ളവരും ചികിത്സാ ചെലവ് വഹിക്കാൻ കഴിയാത്ത കുറഞ്ഞ വരുമാനക്കാരുമായ കുടുബങ്ങളിലെ കുട്ടികൾക്കായി "താലോലം, "ക്യാൻസർ സുരക്ഷ" തുടങ്ങിയ പദ്ധതികളിലൂടെ സൗജന്യ ചികിത്സാ സഹായം നൽകിവരുന്നുണ്ട്.

(ഇ) തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

9 (*69) ശ്രീ. കെ. അജിത് :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. രാജു :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് ജിയോളജിക്കൽ മാപ്പിംഗ് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ജിയോളജിക്കൽ മാപ്പിംഗിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അണക്കെട്ടിനായി പുതുതായി കണ്ടെത്തിയ സ്ഥലത്ത് ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ഉണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ജിയോളജിക്കൽ മാപ്പിംഗിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുവേണ്ടി പഴയ ഡാമിൽനിന്നും 366 മീറ്റർ താഴെയായി സർവ്വേചെയ്ത് അലൈൻമെന്റ് കണ്ടെത്തുകയുണ്ടായി. പ്രസ്തുത അലൈൻമെന്റിൽകൂടി 5 ബോർഹോളുകൾ ആദ്യം എടുക്കുകയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം ജിയോളജിക്കൽ മാപ്പിംഗിനുവേണ്ടി 10 അധിക ബോർഹോളുകൾ എടുത്തു. ജിയോളജിക്കൽ മാപ്പിംഗിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. എക്സ്പോസ്ചെയ്തിട്ടുള്ള പാറകളുടെ കാഠിന്യവും, തരവും മനസ്സിലാക്കൽ, വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലത്തെ പാറകളുടെ ഘടന മനസ്സിലാക്കൽ, ചതുപ്പുനിലങ്ങളായി കാണപ്പെട്ട മേഖലകളിലെ പാറയുടെ ഘടനയും കാഠിന്യവും എന്നിവയാണ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയത്. ഈ മാസം അപസാനത്തോടുകൂടി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മാപ്പിംഗുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അണക്കെട്ടിനായി പുതുതായി കണ്ടെത്തിയ സ്ഥലത്ത് ആദ്യമെടുത്ത 5 ബോർഹോളിൽനിന്നും എടുത്ത സാമ്പിളുകളുടെ കാഠിന്യം പരിശോധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly